## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2520.**

**01-04-2013-ലെ മറുപടിയ്ക്ക്**

### ഈറ്റ, ചൂരൽ, കാട്ടുവള്ളി എന്നിവ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ ബാംബൂ കോർപ്പറേഷന്റെ കീഴിൽ സബ് ക്ഷേമനിധി ഓഫീസ് തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) തിരുവനന്തപുരം ജില്ലയിൽ ക്ഷേമനിധി ബോർഡിന്റെ സബ് ഓഫീസ് തുടങ്ങുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബോർഡിന്റെ സാമ്പത്തിക പരിമിതി മൂലം ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) ഈറ്റ, ചൂരൽ, കാട്ടുവള്ളി എന്നിവ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്ന 10 ലക്ഷത്തോളം വരുന്ന തൊഴിലാളികളെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കൂലി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;<br><br>(സി) ഈറ്റ, ചൂരൽ, കാട്ടുവള്ളി മുതലായവ ഉപയോഗിച്ച് വട്ടി, കുട്ട, പായ് എന്നിവ നിർമ്മിച്ച് വിറ്റ് ഉപജീവനം കഴിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളെ എ.പി.എൽ.ലിസ്റ്റിൽ നിന്ന് ബി.പി.എൽ.ലിസ്റ്റിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഡി) പ്രസ്തുത തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വീട്, കക്കൂസ്, കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള ധനസഹായം, പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം, മരണാനന്തര ധനസഹായം എന്നിവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും (ഡി) യും<br><br>ടി വിഷയം തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |

| | |
|---|---|
| (ഇ) പ്രസ്തുത തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) സ.ഉ.(എം.എസ്)നം.114/2011/തൊഴിൽ തീയതി 9/8/2011 പ്രകാരം പുതുക്കിയിട്ടുണ്ട്.<br>5 വർഷത്തിലൊരിക്കലാണ് കൂലി വർദ്ധിപ്പിക്കുന്നത്. |
| (എഫ്) പ്രസ്തുത തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എഫ്) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ